(XXIV) 9-Excise-2-(b) salt T. A.

Rao Bahadur T. K. Nayar *(Minister for Public Health):* I move for an additional allotment of R.s 700 under "9-Excise—7—2—(b) Salt—T. A." by transfer from "41-3-(b) Dearness Allowance".

The Inspector in charge of the Salt Factory at Malipuram was deputed for a special patrol work from Kanni 1122 onwards. There is no provision in the sanctioned Budget under 9—2 (b) Salt—T. A. to meet the T. A. of the Officer and his peon. The amount required for this purpose is Rs. 700. It is proposed to meet this amount by transfer from 41—3—(b) D. A. I request that the amount may be sanctioned.

Mr. President: The question is that Government be granted a sum of Rs. 700 under "9-Excise-2-(b) Salt—T. A." by transfer from "41—3 (b) Dearness Allowance".

Demand put and carried

(XXV) 24—4—Leprosy Relief—Dietary charges

Rao Bahadur T. K. Nayar *(Minister for Public Health):* Sir, I rise to move for an additional allotment of Rs. 16,000 under "24-4-Loprosy Relief—Dietary charges".

The allotment of Rs. 76,728 sanctioned under "24-4-Loprosy Relief—Dietary charges" for the current year has been found to be insufficient to meet the actual demand. An expenditure of Rs. 57,859 has already been incurred till the end of Kumbham 1122. The expenditure incurred to this extent is due to the renewal of the terms of agreement entered into between the Salvation Army authorities and the Government for the management of the Adoor Leprosy Hospital and also due to the payment of arrears to the Salvation Army authorities. The balance amount under this head, *viz.*, Rs. 18,869 is quite insufficient to meet the actual demand during the remaining months of the year. Hence, an additional allotment of Rs. 16,000 is necessary under the head "24—4—Leprosy Relief—Dietary charges", for which there will not be savings under other heads. I request that the amount may be granted.

CUT MOTION No. 7

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, I move that this demand of Rs. 16,000 under "24—Leprosy Relief—Dietary Charges" be reduced by Re. 1.

To press the Government to make more adequate arrangements for leprosy relief.

Leprosy the accursed disease, Sir, to which many a Cochinite and more non-Cochinites have fallen a victim resorting to our Hospitals and lying by the side of the road is a very pitiable sight, unendurable for the patient unseeable for the man who passes by if only he has a heart. It is therefore very good, Sir that arrangements have been made with the Salvation Army because we cannot think of a better agency than them to do this work which they have undertaken as a labour of humanitarian service not for the amount that comes to them by the contribution that you give but for other reasons that exist. That being so, Sir, as far as the arrangements for management are concerned I have no complaint just at present. But if you will be pleased to take the statistics of persons affected by leprosy in its various stages and degrees of intensity throughout Cochin, no area being excepted the number will be mainifold more than your believe. Its case made it may not be visible to the naked eye. Still, if you have got the statistics of all the persons affected by leprosy you will be satisfied that better arrangements should be made. Why Sir, I thought of moving the cut. I was feeling Sir, that I do not waste my lungs and energy by moving this cut the subject being what it is. However let me do my duty irrespective of the question, what will follow. I was submitting, Sir, that the arrangements made by the Government are nowhere in the province of adequacy. Therefore, more adequate relief must be provided in all its ramifications, buildings. treament, treatment recreation etc. It will be admitted even by persons who may not have the inclination to see eye to eye with me this important question if the averments that I happened to read in the papers that 4 or 5 lepers were sitting with a placard at the gates of the Minister for Public Health. For what is it. They had undertaken a fast unto death before the gates of the Hon'ble Minister for Public Health. If those statements are true and if again the statement in the next days, issue namely that the human intelligence of almost wellpaid police of Cochin, threatened them with orders that they must remove themselves, failing which they will be removed, it is indeed a matter for pity. But the reply from these hunger strikers it is heard was that they are not foolish enough to remove themselves but they must be shot if they are felt as a nuisance. It is not I believe any feeling of

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

obstinacy that prompted them to make those statements if those statements are true. It is their suffering, for the relief from which, they do not find any home or gate which will admit them. Therefore, as intelligent men thus struck with leprosy they went to fast before the gates of the authority which could give them relief. The right thing I say, not that I am a believer in fast unto death, proposed, taken up, given up under peculiar circumstances, I have not much faith in such sort of things. If those statements are true they are proof of the necessity underlying the cut motion that I have tabled. Therefore, better arrangements, more adequate arrangements, for leprosy relief must be undertaken, and I am sure the Hon'ble Minister in charge of Public Health will be pleased to do his utmost, not only in the intensity of feeling, that is seen in the speech but in action also. There must be adequacy of relief in actions. If through my ignorance I am speaking on a statement which has already been proved and acted upon I may be excused for tabling this cut motion. But I feel that there is no necessity for excuse. The number of lepers in Cochin should be reduced, by making more adequate relief having provided for them. That is the subject matter of the cut motion. I, therefore, very earnestly place this motion before the House for its dispassionate consideration and prompt action.

Mr. M. K. Raja *(Mulakunnathukavu)*: On a point of information Sir, the note to the Standing Finance Committee says that an expenditure of Rs. 57,859 has already been incurred till the end of Kumbham 1122. The increase in expenditure to this extent is said to be due to the renewal of the terms of agreement entered into between the Salvation Army authorities and the Government for the management of the Adoor Leprosy Hospital. Will the Hon'ble Minister please explain the nature of the agreement and the special reasons why the expenditure has out-run the original expectation.

*റാവുബഹദൂർ ടി. കെ. നായർ: ആദ്യമുണ്ടായിരുന്ന എഗ്രിമെൻറ് കഴിഞ്ഞകൊല്ലത്തിൽ അവസാനിച്ചു. അതിനു ശേഷം ഉണ്ടായ പുതിയ എഗ്രിമെൻറിൽ ഒരാൾക്ക് ഫസ്റ്റ്-ൽ ചിലപ്പോൾ രൂപാ ചിലവു കൊടുത്തിരുന്നതു് ഫസ്റ്റ് രൂപായായി. ആദ്യത്തെ എഗ്രിമെൻറ് കഴിഞ്ഞശേഷം രണ്ടാമത്തെ എഗ്രിമെൻറുണ്ടാക്കാൻ കുറച്ചു കാലതാമസംവന്നു ആ എഗ്രിമെൻറിൽ ആളൊന്നിക്ക് ഫസ്റ്റ് രൂപാ കൊടുക്കാൻ തീരുമാനിച്ചു. അങ്ങിനെ ഫസ്റ്റ് രൂപാ കൊടുക്കാൽ തീരുമാനിച്ചു എങ്കിലും കഴിഞ്ഞകൊല്ലത്തെ റേറന്സരിച്ചാണ് ബഡ്ജറ്റിൽ പ്രൊവിഷൻ കൊള്ളിച്ചതു്. അതുകൊണ്ടു മതിയാകാത്തതു കൊണ്ടാണ് ഇപ്പോൾ സപ്ലിമെൻററി ഗ്രാൻറ് അനുവദിക്കേണ്ടിവന്നതു്.

മിസ്റ്റർ പി. ടി. ജേക്കബ്: ആശുപത്രിയിൽ സ്ഥലമുണ്ടായിട്ടും അപേക്ഷകന്മാക്ക് പ്രവേശനം അനുവദിച്ചിട്ടില്ല എന്നുള്ളതു ഗവമ്മെണ്ടിനറിയാമൊ ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ചെയ്തതായി അറിവില്ല. നൂറു രോഗികൾക്കാണ് അവിടെ സ്ഥലം അനുവദിച്ചിട്ടുള്ളതു്. അവിടെ ഇപ്പോൾ നൂറ്റെഴു രോഗികളുണ്ടു്. അതുകൊണ്ടു് സ്ഥലമുണ്ടായിട്ടും രോഗികളെ ചേർക്കുന്നില്ല എന്നു പറയുന്നതു ശരിയല്ല.

ഇനി മിസ്റ്റർ കുമാരനെഴുത്തശ്ശന്റെ ഉപക്ഷേപത്തിൽ പറഞ്ഞ സംഗതികളെപ്പറ്റി പറയാം, ഇതിനെ സംബന്ധിച്ചു് ഗവമ്മേണ്ടു് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതു് എന്നു പറയാം. അഡൂർ ലെപ്പർ അസൈലത്തിൽ നൂറു രോഗികളെ കൂടുതൽ ചികത്സിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. പിന്നെ ഫസ്റ്റ് ആശുപത്രികളിൽ ക്ലിനിക്കുകൾ വെച്ചു് ആഴ്ചയിൽ ഒന്നു രണ്ടു പ്രാവശ്യം രോഗികൾക്കു് ചികത്സ നടത്തിപ്പോകാനുള്ള സൌകര്യം ചെയ്തിട്ടുണ്ടു്. ഇതിൽ അഡൂർ ലെപ്പർ അസൈലത്തിലെ രോഗികളുടെ സർവ്വ ചിലവും ഗവമ്മെണ്ടു വഹിക്കുന്നുണ്ടു്. ഒരു രോഗിക്കു ഫസ്റ്റ് രൂപാ വീതം അവിടെ ചിലവു കൊടുക്കുന്നുണ്ടു്. സാൽവേഷൻ ആർമിയാണു് അതു മാനേജു ചെയ്യുന്നതു്. ഇതുകൊണ്ടു് എല്ലാ സൌകര്യങ്ങളുമായി എന്നു ഞാൻ സമ്മതിക്കാൻ തയ്യാറില്ല. കഴിഞ്ഞ സെൻസസ്സു പ്രകാരം കൊച്ചി രാജ്യത്തിൽ നൂ, ൦൦൦-ത്തിനും വൂ, ൦൦൦-ത്തിനും ഇടക്കു ലെപ്പേഴ്സ് ഉണ്ടു്. ഇവരെയെല്ലാം ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതിനു് അഡൂർ ലെപ്പർ അസൈലത്തെപ്പോലെയുള്ള സൌകര്യങ്ങൾ ചെയ്തുകൊടുക്കാൻ വലിയ ധനവ്യയം ചെയ്യേണ്ടിവരും. അതാണു ബുദ്ധിമുട്ടു്. ഏതു ഗവമ്മെണ്ടിനും ഈവക കാര്യങ്ങളിൽ ഒരു ലിമിറ്റു വെച്ചു പണം ചിലവു ചെയ്യാനെ സാധിക്കുകയുള്ളൂ. അഡൂർ ലെപ്പർ അസൈലത്തിൽ രോഗികൾക്കു വേണ്ട സൌകര്യം ഏർപ്പെടുത്തിയതിനു പുറമെയാണു് ഫസ്റ്റ് ക്ലിനിക്സ് ഏർപ്പെ

* Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിട്ടുള്ളതു്. എന്റെ അന്വേഷണത്തിൽ ഈ വക ക്ലിനിക്കിൽ വളരെയധികം രോഗികൾ വരുന്നുണ്ടെന്നാണറിയുന്നതു്. അതുകൊണ്ടു് അവ മൂലം ഗുണമില്ല എന്നു പറയാൻ പാടില്ല എന്നു മാത്രമല്ല, രോഗികളെ മുഴുവൻ ചെക്ക ചെയ്യാനെങ്കിലും അതുകൊണ്ടു സാധിക്കുന്നുണ്ടു്. ഇതുയെല്ലാം സൌകര്യമാണു് ഗവണ്മെണ്ടു് ഇപ്പോൾ ചെയ്തിട്ടുള്ളതു്. ആശുപത്രിയിൽ ചേർക്കാനുള്ള അപേക്ഷക്കാരുടെ എണ്ണം മൂലം, കുറേകൂടി രോഗികളെ അഡ്മിറ്റ ചെയ്യാനുള്ള സൌകര്യം ഉണ്ടാക്കാതെ നിവൃത്തിയില്ല എന്ന നിലയിലെത്തിയിട്ടുണ്ടു്. ഈ സംഗതിയെ സംബന്ധിച്ചു് ഒരു സ്കീം തയ്യാറാക്കുന്നുണ്ടു്. അതു് അടുത്തു തയ്യാറാകും. ക്ലിനിക്കു് ഇല്ലാത്ത സ്ഥലങ്ങളിൽ അതു് ഏർപ്പെടുത്തിക്കൊടുക്കാനും ഗവണ്മെണ്ടുതയ്യാറാണു്.

മൂന്നുനാലു കുഷ്ഠരോഗികൾ എന്റെ പടിക്കൽ സത്യാഗ്രഹമനുഷ്ഠിച്ചതിനെ സംബന്ധിച്ചു് ഇവിടെ പറയുകയുണ്ടായി. അതിന്റെ വിവരങ്ങൾ ഇവിടെ വ്യക്തമാക്കാൻ ഒരു സൌമ്യേണ്ടാക്കിത്തന്നതിനു് ബഹുമാനപ്പെട്ട മെമ്പറോടു് വളരെയധികം നന്ദി പറഞ്ഞുകൊള്ളുന്നു. മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിന്റെ ചാർജ്ജു് ഞാൻ ഏറ്റതു് കഴിഞ്ഞ ചിങ്ങമാസത്തിലാണു്. അതു കഴിഞ്ഞു് ഒരു പത്തു ദിവസത്തിനുള്ളിൽ, ഞാൻ തൃശ്ശിവപേരൂർ ഇരിക്കുന്ന അവസരത്തിൽ കേട്ട വർത്തമാനം അഡ്യൂർ ലെപ്പർ അസൈലത്തിൽ ഹങ്കർ സ്ട്രൈക്കു് തുടങ്ങിയെന്നാണു്. ഉടനെ ചീഫ് മെഡിക്കലാഫീസറെന്നിച്ചു് ഞാൻ ആ സ്ഥലത്തുപോയി അവരുടെ ലീഡറെ വരുത്തി വർത്തമാനങ്ങൾ ചോദിച്ചു. ഫുൾ ശ്രുപാവീതം ഒരാൾക്കു് അവിടെ അനുവദിച്ചിട്ടുണ്ടെന്നു് ഒരു പ്രചരണം അവരുടെയിടയിലുണ്ടായിരുന്നു. പക്ഷെ ഫുൾ ശ്രുപായുടെ സൌകര്യങ്ങളെ അവർക്കു കിട്ടുന്നുള്ളു എന്നാണവരുടെ ആക്ഷേപം. ഫുൾ ശ്രുപാ ആളൊന്നിക്കു കൊടുക്കുവാൻ തീരുമാനിച്ചു എങ്കിലും അതു നടപ്പിൽ വരുത്തിയിട്ടുണ്ടായിരുന്നില്ല. ആ വിവരം അവരെ അറിയിച്ചപ്പോൾ, കായ്ം മനസ്സിലായപ്പോൾ ഹങ്കർ സ്ട്രൈക്കു വേണ്ടെന്നുവെച്ചു. അതു കഴിഞ്ഞപ്പോൾ വേറൊരു കാരണത്തിന്മേൽ സ്ട്രൈക്കു തുടങ്ങി. ഇങ്ങിനെ അഞ്ചാറു സ്ട്രൈക്കു് അവിടെയുണ്ടായിട്ടുണ്ടു്. എന്നാൽ പുറമെനിന്നുള്ള ഒരാൾ അവിടെ അന്വേഷണം നടത്തിയാൽ യഥാർത്ഥ സംഗതികൾ മനസ്സിലാക്കാനും പ്രയാസമാണു്. അവിടത്തെ രോഗികളേയും, മാനേജ്മെണ്ടിനേയുംകണ്ടു് മദ്ധ്യസ്ഥതീരുമാനം ചെയ്യുന്നതിനു്, അവിടെവെച്ചു തീരാത്ത സംഗതികളെ ഗവണ്മെണ്ടിലേക്കു റിപ്പോർട്ടു ചെയ്യുന്നതിനു്, മൂന്നാളുകളടങ്ങിയ ഒരു കമ്മിറ്റിയെ വെച്ചു. അതുമൂലം കുറച്ചുകാലം അവരുടെ ജീവിതം ഭംഗിയായി നടന്നു. ഇതിനിടയിൽ അവിടെയൊരു വഴക്കുണ്ടായി. അങ്ങിനെ വഴക്കുണ്ടാക്കിയ അഞ്ചാറാളുകളെ പുറത്താക്കാൻ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു ചെല്ലേണ്ടിവന്നു. വഴക്കുകൂട്ടിയവർ, മറ്റുള്ളവരെ മുഴുവൻ സ്ട്രൈക്കിനു പ്രേരിപ്പിച്ചു. കായ്ങ്ങൾ അവസാനത്തെ സ്റ്റേജിലെത്തി. സാൽവേഷൻ ആർമിയുടെ മാനേജ്മെൻറ് അവർക്കു വേണ്ടെന്നു പറഞ്ഞു. വഴക്കുണ്ടാക്കിയതുമൂലം അന്നു പറഞ്ഞയച്ച ആളുകളാണു് എന്റെ പടിക്കൽ വന്നു സത്യാഗ്രഹം തുടങ്ങിയതു്. എന്നാൽ ഇവരെ രണ്ടാമതും അവിടെയെടുക്കാൻ പരിശ്രമിച്ചു. ഇവരെ അവിടെ എടുക്കുകയാണെങ്കിൽ സാൽവേഷൻ ആർമി മാനേജ്മെൻറ് ഒഴിയുമെന്നു പറഞ്ഞു. ഈ അഞ്ചാളുകളെ രക്ഷിക്കണോ, അതോ നൂറു ആളുകളെ രക്ഷിക്കണമോ എതാണു വേണ്ടതു്? വഴക്കുണ്ടാക്കിയ അഞ്ചാളുകളിൽ മൂന്നുപേർ അയൽരാജ്യക്കാരാണു്. അവർക്കു ഫുൾ ശ്രുപാ കൊടുത്തു് ഇവിടെനിന്നും പറഞ്ഞയക്കുകയും ചെയ്തു. അതു കഴിഞ്ഞിട്ടു് ഏതാണ്ടു് ഒന്നരരണ്ടു മാസമായി. അവിടെ യാതൊരു കുഴപ്പവുമില്ല. കായ്ങ്ങളെല്ലാം ഭംഗിയായി നടന്നവരുന്നു എന്നാണു് എന്റെ അറിവു്. നാലഞ്ചു ദിവസം മുമ്പു, ഇവിടെനിന്നും പോയ ആളുകൾ മടങ്ങി വന്നിട്ടുണ്ടെന്ന വിവരം ഞാൻ അറിഞ്ഞതു്, മരിക്കുന്നതുവരെയുള്ള നിരാഹാരവ്രതമെടുത്തുകൊണ്ടു് നാലഞ്ചു കുഷ്ഠരോഗികൾ എന്റെ പടിക്കൽ ഇരിക്കുന്നു എന്നു് ഒരാൾ വന്നു പറഞ്ഞപ്പോഴാണു്. തങ്ങളെ ആശുപത്രിയിൽ ചേർത്തുതരണമെന്ന അപേക്ഷപോലും അവർ കൊണ്ടുവരാതെ നാലഞ്ചാളുകൾ പടിക്കൽ സത്യാഗ്രഹമനുഷ്ഠിക്കുകയാണു്.

മിസ്റ്റർ പി. കെ. ഡിവർ: ഇവർ തിരുവിതാംകൂർകാരാണോ?

റാവു ബഹദൂർ ടി. കെ. നായർ: അവരിൽ മൂന്നുപേർ തിരുവിതാംകൂർകാരാണു്. അതിൽ ഒരാളെ വിളിച്ചുവരുത്തി നിങ്ങൾ എന്തു കാരണം കൊണ്ടാണു് ഈ ബോർഡു പടിക്കൽ വെച്ചുകൊണ്ടിരിക്കുന്നതു് എന്നു ചോദിച്ചു. നിങ്ങൾ ഇവിടെനിന്നു പോയവരല്ലേ, മടങ്ങി വന്നിട്ടു് ആരെയെങ്കിലും കണ്ടു് നിങ്ങളുടെ ആവശ്യങ്ങൾ പറഞ്ഞുവോ എന്നും ചോദിച്ചു. ഞങ്ങൾ രോഗികളാണു്; ഈവക കായ്ങ്ങൾ ഞങ്ങളോടു് പറയരുതു് എന്നാണു്

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur T. K. Nayar]

അതിനു മറുപടി പറഞ്ഞതു്. എന്താണു് നിങ്ങൾക്കു വേണ്ടതു്, രണ്ടാമതും ആസ്പത്രിയിൽ ചേരുകയാണോ നിങ്ങൾക്കു വേണ്ടതു് എന്നു ചോദിച്ചു. അതെ എന്നു പറഞ്ഞു. ഇങ്ങിനെയുള്ള മനസ്ഥിതിക്കാരെ അവിടെ കൊണ്ടുപോയി ചേർക്കുന്നതു് എങ്ങിനെയാണു്. ഇവരെ അവിടെ ചേർക്കുകയാണെങ്കിൽ സാൽവേഷൻ ആർമി അതിന്റെ മാനേജ്മെന്റ് ഒഴിയുമെന്നുള്ളതു തീച്ചയാണു്. എങ്കിലും രണ്ടാമതു് അവരെ അവിടെ ചേർക്കാൻ തരമുണ്ടോ എന്നന്വേഷിക്കുന്നതിനായി ചീഫ് മെഡിക്കൽ ഓഫീസറെ അങ്ങോട്ടു പറഞ്ഞയച്ചു. ഇപ്പോൾ അദ്ദേഹത്തെ അങ്ങോട്ടു പറഞ്ഞയക്കാൻ വേറെ ഒരു കാരണവുംകൂടിയുണ്ടു്. ഇപ്പോഴത്തെ സൂപ്രണ്ടു് ഒരു ലേഡിയാണു്. അവർ ഒരു സ്ത്രീയായതുകൊണ്ടു് മനസ്സുവിഞ്ഞു രണ്ടാമതും ഇവരെ ചേർക്കുമോ എന്നു പരീക്ഷിക്കാനാണു് അദ്ദേഹത്തെ അങ്ങോട്ടു പറഞ്ഞയച്ചതു്. പക്ഷെ അവർ ഇപ്പോഴും വലിയ ആസ്സ്ത്രി മാനേജ് ചെയ്യുവരാണു്. അപ്പോൾ അവരുടെ അടുക്കൽ ഇതൊന്നും പറവകയില്ല. ഞാൻ ഇത്രയും ഇവിടെ പറയാൻ കാരണം ഈ കാര്യത്തിൽ ഇവരോടു് നിർദ്ദയമായും കഠിനമായും പെരുമാറിയെന്നുള്ള പരാതിയുണ്ടായിട്ടുള്ളതുകൊണ്ടാണു്. ഇതു പറയാൻ ഒരവസരമുണ്ടാക്കിത്തന്നതിൽ ബഹുമാനപ്പെട്ട മെമ്പറോടു നന്ദിപറഞ്ഞുകൊള്ളുന്നു. അവർ ഈ കൌൺസിലിന്റെ മുമ്പിൽതന്നെ ഇപ്പോൾ എത്തിയിട്ടുണ്ടു്. ഇവരെ വീണ്ടും ആസ്പത്രിയിൽ എടുപ്പിക്കുന്ന കാര്യം ഞാൻ വിചാരിച്ചാൽ സാദ്ധ്യമല്ല. നമ്മുടെ ആളുകളുടെ സുഖജീവിതത്തിനു തടസ്ഥമായി നാലഞ്ചാളുകൾ നിൽക്കുകയാണെങ്കിൽ അവരെ പുറത്താക്കാതെ നിവൃത്തിയില്ല. പക്ഷെ അവർക്കു മറ്റൊരു സൌകര്യങ്ങളും ചെയ്തു കൊടുക്കാൻ തയ്യാറാണു്. എന്റെ സ്വന്തം കയ്യിൽനിന്നുതന്നെ ഇതിനുവേണ്ടി വേണ്ടിവന്നാൽ ചിലവു ചെയ്യാൻ തയ്യാറാണു്. ഈ കാര്യത്തിൽ ഇടപെട്ടു് ഒരു നിവാരണമുണ്ടാക്കിത്തരാൻ നിയമസഭാംഗങ്ങളോടും, എന്നോടു സ്നേഹമുള്ള സുഹൃത്തുക്കളോടും ഞാൻ അപേക്ഷിക്കുന്നു. ഞാൻ ഇതു പറയുന്നതു് എന്റെ പടിക്കലുള്ള സത്യാഗ്രഹം നിവർത്താനല്ല, ഇവരെ എടുപ്പിക്കാൻ സാൽവേഷൻ ആർമിയെക്കൊണ്ടു് സമ്മതിപ്പിക്കാനാണു്. ഇപ്പോൾ അവിടെയുള്ളവർക്കു സുഖമാണെന്നു് അവർതന്നെ സമ്മതിക്കുന്നുണ്ടു്. അങ്ങിനെയുള്ള അവസരത്തിൽ ഈ നാലഞ്ചാളുകളെ അവിടെ കൊണ്ടുപോയിട്ടു് അവരെ മുഴുവൻ കുഴപ്പത്തിലാക്കാതെ കഴിക്കേണ്ട ചുമതല എനിക്കുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഇതിൽ തിരുവിതാംകൂർകാരായ ചിലരുണ്ടെന്നു പറഞ്ഞല്ലൊ. അവർ തിരുവിതാംകൂറിലേക്കു പോയിട്ടു് മടങ്ങിവരാനുള്ള കാരണമെന്താണു്?

റാവു ബഹദൂർ ടി. കെ. നായർ: എന്റെ മാന്യ സ്നേഹിതൻ ഇതൊക്കെ ആരോടാണു് ചോദിക്കുന്നതു്. ഞാൻ ഇതിനെപ്പറ്റി അവരുടെ അടുക്കൽ ചോദിച്ചപ്പോൾ ഇതൊന്നും ഞങ്ങളോടു ചോദിക്കരുതു്, ഞങ്ങൾ രോഗികളാണു് എന്നെല്ലാമാണു് അവർ പറയുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ഇവരെ അവിടെ കയറാൻ എന്താണു് വിരോധം?

റാവു ബഹദൂർ ടി. കെ. നായർ: അവിടെ കയറിയാൽ മറ്റുള്ളവരേയും സ്വന്തക്കിനു പ്രേരിപ്പിക്കും.

മിസ്റ്റർ എം. കെ. രാജാ: അവക്കവിടെ യൂണിയനുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: യൂണിയനൊന്നുമില്ല. പക്ഷെ, ഇവർ പുറത്തുപോന്നശേഷം അവിടെ യാതൊരു ബഹളവുമില്ലെന്നാണറിയുന്നതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: തിരുവിതാംകൂറുകാരായവരെ അങ്ങോട്ടു പറഞ്ഞയക്കാൻ വല്ല നിവൃത്തിയുമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: അവരെ നമുക്കു അതുത്തികടത്തിവിടാം. പിന്നെയും ഇങ്ങോട്ടു വരികയാണെങ്കിൽ, അതിനുള്ള നടപടിയെടുക്കുകയാണെങ്കിൽ, അറസ്റ്റ് ചെയ്യേണ്ടിവരും.

Mr. Paramel Ipe Ipe *(Kunnamkulam)*: On a point of information, Sir, is the present asylum under the purview of the Leper Act or will we have to start a Leper Act.

Rao Bahadur T. K. Nayar *(Minister for Public Health)*: In fact there is an Act, a new Public Health Act.

LIBRARY ARCHIVES Kerala Legislative Assembly

പുതിയതായി ഒരു പബ്ലിക് ഹെൽത്ത് ആക്ടുണ്ടാക്കുന്നുണ്ട്. അതിൽ ഇതിനുള്ള പ്രൊവിഷൻസുണ്ട്. അതിപ്പോൾ സെലക്ട് കമ്മറിയുടെ സ്റ്റേജിൽ ഇരിക്കുകയാണ്. അതുകൊണ്ടാണ് ഹർദറായി മനസ്സം വെയ്യാത്തത്.

Mr. Paramel Ipe Ipe *(Kunnamkulam)*: My point is not that. If the present asylum will not answer to what is laid down in the Act; is it necessary that Government must find a Leper Act.

Mr. Sivarama Menon *(Advocate-General)*: The Section regarding this is "The Diwan, with the sanction of His Highness the Maharaja, may, by notification in the Government Gazette, appoint any place to be a leper asylum for the purposes of this Act and specify the local areas from which lepers may be sent to such asylum, and may, in like manner, alter or cancel any such notification". The Adoor leper Asylum has been duly notified by Government under this section.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഈ ഉപക്ഷേപത്തിൽ ഞാനവശ്യപ്പെട്ടിട്ടുള്ളത് കുഷ്ഠരോഗികളുടെ പരിരക്ഷക്കു കൂടുതലായ ഏർപ്പാടുകൾ ചെയ്യണമെന്നുള്ളതിനെപ്പറ്റിയാണ്. അല്ലാതെ അവർ തിരുവിതാംകൂറുകാരായ ആളുകളാണെന്നോ, നാലാളുകളെ പുറത്താക്കിയെന്നോ, മന്ത്രി അവർകളുടെ പടിക്കൽ സത്യാഗ്രഹമനുഷ്ഠിച്ചിട്ടുണ്ടെന്നോ എന്നുള്ളതൊന്നുമല്ലാ എന്റെ പ്രതിവാദ്യവിഷയം. എന്റെ വാദവിഷയത്തിനു മറുപടി പറഞ്ഞിട്ടുമുണ്ട്. എന്നാൽ കൊച്ചിരാജ്യത്തു അഡൂരിലുള്ള കുഷ്ഠരോഗാസ്പത്രിയിൽ രോഗികളെ കിടത്തി ചികത്സിക്കുന്നതുപോലെ ഇവിടെയുള്ള എല്ലാ കുഷ്ഠരോഗികളേയും ചികിത്സിക്കാനുള്ള ഏർപ്പാടുകൾ ചെയ്യാതെ നിവൃത്തിയില്ല. നാടു നന്നാകണമെങ്കിൽ മാത്രം സ്ഥലസൌകര്യമുള്ളിടത്തു നന്നായ ആളുകളെ ചേർത്തു ആശ്രമപാഠമാണ്. ഈ സുഖക്കേടിൽനിന്നു രക്ഷകിട്ടാൻവേണ്ടിയാണ് രോഗികൾ അവിടെ പോകുന്നതു്. ഈ ആശുപത്രികൊണ്ടുദ്ദേശിച്ചകാര്യത്തിനു നേരെ വിപരീതഫലമാണ് അതുകൊണ്ടുണ്ടാകുന്നതു്. ഗവൺമെണ്ടിന്റെ കണക്കനുസരിച്ചുതന്നെ ആറായിരത്തിലധികം കുഷ്ഠരോഗികൾ ഇവിടെയുണ്ട്. ഇപ്പോൾ അഡൂർ ഒരു കുഷ്ഠരോഗാശുപത്രിയുണ്ട്. അവിടെ ഏതാനും പേർക്ക് ചികിത്സിക്കുന്നതിനുള്ള സൌകര്യങ്ങളും ചെയ്തിട്ടുണ്ട്. അതുപോലെ എല്ലാവർക്കും ചികിത്സിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം. അതിനു് ആയിരമല്ല ലക്ഷം രൂപയല്ല അതിൽ കൂടുതൽ സംഖ്യവേണ്ടിവന്നാലും ചിലവുചെയ്യണം. ഇതു രോഗികളുടെ കാര്യമാണ്. ഈ കാര്യത്തിനു് സ്ഥലമില്ല, കെട്ടിടമില്ല, പണമില്ല, എന്നുംമറ്റും പറഞ്ഞാൽ ശരിയാകുകയില്ല. അവിടെനിന്നും അമ്പതാളുകളെ പുറത്താക്കിയതിനെ സംബന്ധിച്ചു മന്ത്രിയവർകൾ ഇവിടെ പറയുകയുണ്ടായി. "ഒരുവൻതന്നെക്കൊണ്ടും ഒരിടം രക്ഷിക്കേണ"മെന്നുണ്ട്. അതു പറഞ്ഞിട്ടുള്ള ആശ്രമത്തെ ഇങ്ങിനെയും പറഞ്ഞിട്ടുണ്ട്. "ചൊല്ലിക്കൊട്ട്, തല്ലിക്കൊട്ട്, തള്ളിക്കള" എന്നു് ഈ പ്രമാണമനുസരിച്ചു് ചൊല്ലിക്കൊട്ടുകയാണ് ആദ്യം വേണ്ടതു്. അതിനുശേഷം അവരെ പറഞ്ഞു കേൾപ്പിക്കാൻനോക്കണം. പിന്നീടു് മാത്രമെ അവരെ തള്ളിക്കളയാൻ പാടുള്ളു. അവർ രോഗികളാണ്. അവരുടെ പേരിൽ പല തെറ്റുകളുമുണ്ടായിരിക്കും. സാധാരണക്കാരോടു് പെരുമാറുന്ന മാതിരി രോഗികളോടു പെരുമാറുന്നതു തെറ്റാണ്. രോഗത്തിന്റെ വേദനകൊണ്ടു് അവർ പല ദുർന്നടപ്പുകളും പിടിച്ചേക്കാം. അതിലൊന്നാണു് മന്ത്രിയുടെ പടിക്കൽവന്നു സത്യാഗ്രഹമനുഷ്ഠിച്ചതും. അവർ ആ പടിക്കൽക്കൂടി പോയപ്പോൾ, മാനേജ്മെന്റിനെക്കൂടി നിയന്ത്രിക്കുന്ന മന്ത്രിയെക്കണ്ടു് അവരുടെ കാര്യമൊന്നു പറഞ്ഞേക്കാമെന്നു വിചാരിച്ചിട്ടുണ്ടാവും, അത്രമാത്രമേയുണ്ടാവുകയുള്ളു. അതു അവരുടെ പേരിൽ വലിയ തെറ്റായി എടുക്കാൻ പാടില്ല. ഇവക്കെല്ലാം താമസിക്കാൻ സൌകര്യമുള്ള കെട്ടിടങ്ങളും പണിയുകയാണ് ആദ്യമായി വേണ്ടതു്. അതു് ഇന്നത്തെ ഇഞ്ചിനിയറിങ്ങ് ഡിപ്പാർട്ടുമെന്റിൽനിന്നും പണിയുന്ന മാതിരി പണിതാൽ പോരാ. കുറെക്കൂടി ധൃതഗതിയിൽ കെട്ടിടങ്ങളും പണിയുതീർക്കണം.

Mr. President: The Hon'ble Member has exceeded the time.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ കാര്യത്തിൽ വേണ്ടതു ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ കട്ട്മോഷൻ പിൻവലിക്കുന്നു.

(Motion, by leave withdrawn)

Mr. President: The question is that Government be granted a sum of Rs. 16,000 under 24—4—Leprosy Relief—Dietary charges".

Demand put and carried

LIBRARY ARCHIVES Kerala Legislative Assembly

XXVI—19. Sanitation and conservancy

Rao Bahadur T. K. Nayar (*Minister for Public Health*): I rise to move for an additional allotment of Rs. 85 under "19—Sanitation and Conservancy—Improvement to markets and cart-stands (Cranganur)".

There are three wells in the Cranganur Town for which cleaning and repairs, etc., have to be attended to immediately in the interest of Public Health. The work was not found to be quite necessary when the budget for 1122 was prepared and hence no provision was made in the budget for the work. The epidemic season is coming and therefore, water supply has to be maintained intact. The expenditure is estimated at Rs. 85. No reappropriation is possible. Hence, an additional allotment of Rs. 85 is necessary under "19, Sanitation and Conservancy—improvements to markets and cartstands" in the current year's Cranganur budget. I request that the amount may be sanctioned.

Mr. President: The question is that Government be granted a sum of Rs. 85 under "19—Sanitation and Conservancy—Improvement to markets and Cart-stands (Cranganur)".

Demand put and carried

XXVII 1. Land Revenue

Mr. C. R. Iyyunny (*Minister for Revenue*): I rise to move for an additional allotment of Rs. 9,962 under "1—Land Revenue—A—Temporary Establishment".

A temporary staff consisting of 4 Revenue Inspectors, 11 Surveyors, 22 chainmen, 3 Clerks, 2 Typists, 3 Peons and 5 Draftsmen have been entertained under the Land Acquisition Assistant to deal with the post-war Land Acquisition cases. There is no allotment in the current year's budget to meet the cost of this Temporary Establishment. An additional allotment under "1—L.R.A. Temporary Establishment" for Rs. 9,962 is necessary.

Cut Motion 8.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: "To reduce Rs. 9,962 under 'I. Land Revenue—Temporary Establishment' by Re. 1." (To point out to the Government that Land Acquisition works should be expedited). സർ, ഈ സംഖ്യയിൽനിന്നു് ഒരു ഉറപ്പിക കുറയ്ക്കണമെന്നു് ഒരു ഉപക്ഷേപം ഞാൻഈ സഭ മുമ്പാകെ അവതരിപ്പിക്കുന്നതു് ഇന്നു് ഈ ഡിപ്പാർട്ട്മെണ്ടിൽ പ്രവത്തിച്ചുവരുന്ന രീതിയിൽ പ്രവത്തിച്ചാൽപോരാ, കുറെക്കൂടി ജാഗ്രതയായി അതിനു നിയുക്തരായ ഉദ്യോഗസ്ഥന്മാർ പ്രവത്തിക്കണം, അതിനുവരെ പ്രേരിപ്പിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലം റോഡു പണികൾക്കും, പാലംപണികൾക്കും നീക്കിവെച്ചിട്ടുള്ള സംഖ്യ രണ്ടുമൂന്നു ബഡ്ഡറുകളിൽ കൊള്ളിച്ചുതിന്നശേഷമാണു് ആ പണികൾ പൂത്തിയാകാറുള്ളതു്. ഈവക ന്യൂനതകളെപ്പറ്റി ടിവാൻപേഷ്കാരായിരുന്ന ഇന്നത്തെ ചീഫ്സെക്രട്ടറി അവർകളും, ഇങ്ങിനെയുള്ള ആക്ഷേപം ഈഭാഗത്തുനിന്നു് ശക്തായായി ഉന്നയിച്ചിരുന്ന ഇന്നത്തെ പബ്ലിക്ക്വർക്സ്മന്ത്രിയും സമ്മതിക്കുന്നതാണു്. അതായതു് ലാണ്ടു് അകപ്പിസിഷനുള്ള കാലതാമസംകൊണ്ടു്, അടിയന്തിരമായിട്ടു് ചെയ്യതീർക്കേണ്ടതായ പണികൾ നീട്ടിവെക്കാറാണു് പതിവു്. ഈ കൊല്ലത്തെ ബഡ്ഡറിൽ ഇതിന്നായിട്ടു് ഒരു വലിയതുക കൊള്ളിച്ചിട്ടുണ്ടു്. അതിനെപ്പറ്റി ഇന്നത്തെ ചോദ്യോത്തരം അച്ചടിച്ചിട്ടുള്ളതിൽ നമ്പർ 3-ാം നമ്പ്രു് ചോദ്യത്തിലുണ്ടു്. ഈ നോട്ടീസ്സിൽ കാണുന്ന ഭൂമിയെടുക്കുന്ന ഏർപ്പാടുകൾ വേഗത്തിൽ വേണം. ഇതിനു് ഇനി മൂന്നാമത്തെ മഹായുദ്ധംവരട്ടെയെന്നു് കരുതി കാത്തിരുന്നാൽ പറയുകയില്ല. വാർസപ്പീസിൽ പോയിട്ടുള്ളവർ അത്രമഹിമയേറിയ പണിയൊന്നും ചെയ്തിട്ടില്ല, അവക്കു് കൂടുതൽ കാശുകിട്ടുമെന്നുള്ള മോഹംകൊണ്ടു വാർസപ്പീസ്സിൽ പോയിയെന്നമാത്രമെയുള്ളു. തന്നിമിത്തം അവരുടെ ജീവിതരീതി മുമ്പത്തേതിൽനിന്നു കുറെക്കൂടി വ്യത്യാസപ്പെടുകയും കാശു കൂടുതൽകിട്ടിയപ്പോൾ തോന്നിയമാതിരി ചിലവുചെയ്തു ശീലിച്ചുവക്കുംകൂടി കൊടുക്കാനുള്ളതാണു്, അതുകൊണ്ടു് ഇനി മൂന്നാമത്തെ യുദ്ധം വരുന്നതിനുമുമ്പിലെങ്കിലും, ഇതുപോലെ വരുമെന്നാണു് എന്റെ മോഹം, കൂടാതെ ഈ അടുത്തകാലത്തു് വളരെ ചുരുങ്ങിയ ശമ്പളം വാങ്ങിയിരുന്ന ഒരു ഉദ്യോഗസ്ഥനെ പത്തു് ആളുകളുടെ അവകാശത്തെ അവഗണിച്ചുകൊണ്ടു് അവരുടെയെല്ലാം തലയ്ക്കുമീതെ കയറിവെച്ചു ഒരാളാണു് ഈ കാര്യത്തിന്നു നിയുക്തനായ ഉദ്യോഗസ്ഥൻ. അതിനുള്ള കാരണം ചോദിച്ചുപ്പോൾ ആ ആളേ ഉദ്യോഗത്തിനു പറ്റുകയുള്ള എന്നായിരുന്നു മറുപടി. അങ്ങിനെ ചില ആളുകൾക്കു് പ്രമോഷൻ കൊടുക്കുവാൻവേണ്ടി പറ്റിയ ആളെ പറ്റുന്നേടത്തു വെച്ചുകഴിഞ്ഞാൽ പറ്റിയ ഉദ്യോഗസ്ഥനായി എന്നാണുപ്പു്. ഇങ്ങിനെ പറഞ്ഞുകഴിഞ്ഞാൽ പിന്നെ അതിനു് എതിരുപറയാമൊ? അങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly